(സി) 30-9-2013-ൽ നിലവിലുള്ളതും 31-3-2014 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതും $4^{1}/_{2}$ വർഷം പൂർത്തിയാകാത്തതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി ചില വ്യവസ്ഥകൾക്ക് വിധേയമായി 31-3-2014 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

Page 1 of 1

**പൊതുവിദ്യാഭ്യാസ വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ടവരുടെ സീനിയോറിറ്റി**

67 (2924) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ടവരുടെ സീനിയോറിറ്റി തർക്കവുമായി ബന്ധപ്പെട്ട് നിലവിൽ എത്ര പരാതികളാണ് സർക്കാരിലും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിലും നിലവിലുള്ളത് എന്നത് അറിയിക്കുമോ ;

(ബി) രണ്ടുവർഷത്തിലധികമായി പരിഗണനയിലിരിക്കുന്ന ഇത്തരം എത്ര കേസ്സുകളുണ്ടെന്ന വിവരം ലഭ്യമാക്കുമോ ;

(സി) ഇത്തരം തർക്കങ്ങൾ സംബന്ധിച്ച കേസ്സുകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള പ്രത്യേക പരാതിതീർപ്പ് പരിപാടി നടപ്പിലാക്കുമോ ;

(ഡി) നിലവിലുള്ള മിനിസ്റ്റീരിയൽ വിഭാഗത്തിലെ ജീവനക്കാരുടെ സീനിയോറിറ്റി, സ്പാർക്കുമായി ബന്ധപ്പെടുത്തി കുറ്റമറ്റരീതിയിൽ പ്രസിദ്ധീകരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; ഇല്ലെങ്കിൽ ആയത് സമയബന്ധിതമായി നടപ്പിൽവരുത്തുന്നതിന് വേണ്ടി അടിയന്തര നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ&ബി) മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ടവരുടെ സീനിയോറിറ്റി തർക്കവുമായി ബന്ധപ്പെട്ട് സർക്കാരിലും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലും നിലവിലുള്ള പരാതികൾ സംബന്ധിച്ച് കണക്ക് കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല.

(സി) സീനിയോറിറ്റി തർക്കങ്ങൾ സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly